"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം-ജീവനക്കാര്യം - എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 05.02.2025 ലെ സാധാരണ യോഗത്തിലെ 15/1 തീരുമാനം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191 പ്രകാരം ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് ഓംബുഡ്സ്മാനു തുടർ നടപടികൾക്കായി റഫർ ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.697/2025/LSGD തീയതി,തിരുവനന്തപുരം, 15-03-2025

---

പരാമർശം:-

1. സ.ഉ(സാധാ)നം.769/2023/തസ്വഭവ, തീയതി 30.03.2023.
2. കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 27.06.2024 ലെ സാധാരണ യോഗത്തിലെ 11/1 നമ്പർ തീരുമാനം.
3. കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 20.12.2024 ലെ സാധാരണ യോഗത്തിലെ 8/1 നമ്പർ തീരുമാനം.
4. എറണാകുളം ജോയിന്റ് ഡയറക്ടറുടെ 14.01.2025-ലെ LDGD/JD/EKM/391/2015-C4 നമ്പർ ഉത്തരവ്
5. കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 05.02.2025 ലെ സാധാരണ യോഗത്തിലെ 15/1 നമ്പർ തീരുമാനം.
6. കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 13.02.2025 ലെ എസ് സി 1- 01/2025 നമ്പർ കത്ത്.

<u>ഉത്തരവ്</u>

എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ 06.07.2012 മുതൽ പഞ്ചായത്ത് വാഹനത്തിന്റെ ഡ്രൈവറായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ശ്രീ. ബൈജു കെ. റ്റി- യെ, പഞ്ചായത്തിന്റെ പുതിയ വാഹനത്തിന്റെ ഡ്രൈവറായി നിയമിക്കുന്നതിനുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ പരാമർശം(3) തീരുമാനം, പരാമർശ (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ ആയത് പുനഃപരിശോധിക്കണമെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ വിയോജന കുറിപ്പ് അംഗീകരിക്കാത്ത പഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം(5) തീരുമാനം പരാമർശം (6) പ്രകാരം പഞ്ചായത്ത് സെക്രട്ടറി തുടർ നടപടികൾക്കായി സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. പഞ്ചായത്തിൽ ഉപയോഗത്തിലുണ്ടായിരുന്ന വാഹനം 15 വർഷ കാലാവധി പൂർത്തിയായി ആയത് കണ്ടം ചെയ്യുന്ന നടപടികളെത്തുടർന്ന് പ്രസ്തുത വാഹനത്തിന്റെ ഡ്രൈവറായി ദിവസ വേതനാടിസ്ഥാനത്തിൽ 06.07.2012 മുതൽ ജോലി ചെയ്തിരുന്ന ശ്രീ. ബൈജു കെ. റ്റി- യെ ടിയാളുടെ എഗ്രിമെന്റ് പുതുക്കാതെതന്നെ പരാമർശം(2) പ്രകാരം താത്കാലികമായി ഹരിതകർമ്മസേനയുടെ ഡ്രൈവറായി നിയമിച്ചിരുന്നുവെന്നും, തുടർന്ന് പഞ്ചായത്ത് പുതിയതായി വാങ്ങിയ വാഹനത്തിന്റെ ഡ്രൈവറായി ടിയാളെ നിയമിക്കുവാൻ പരാമർശം (3) പ്രകാരം തീരുമാനിച്ചതിനാൽ പ്രസ്തുത നിയമനത്തിന്റെ സാധുത സംബന്ധിച്ച് എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറുടെ സ്പഷ്ടീകരണം ആവശ്യപ്പെട്ടതനുസരിച്ച് ലഭ്യമാക്കിയ, പുതിയ വാഹനത്തിന്റെ ഡ്രൈവർ നിയമനം പുതിയ നിയമനമായി കണക്കാക്കി പരാമർശം(1)-ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമായിരിക്കണമെന്ന പരാമർശം(4) നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, പരാമർശം(3) തീരുമാനത്തിനെതിരെ പഞ്ചായത്ത് സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടും ആയത് പരിഗണിക്കാതെ കഴിഞ്ഞ 14

വർഷമായി കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ ദിവസ വേതന ഡ്രൈവർ തസ്തികയിൽ തുടരുകയും പഞ്ചായത്ത് വാഹനത്തിന്റെ കാലാവധി തീർന്ന സാഹചര്യത്തിൽ പഞ്ചായത്തിന്റെ തന്നെ ഹരിതകർമ്മസേന വാഹനത്തിൽ ഡ്രൈവറായി പ്രവർത്തിക്കുകയും ചെയ്തുവരുന്ന ശ്രീ. കെ.ടി . ബൈജുവിന് പരാമർശം (1) ഉത്തരവ് ബാധകമല്ലാത്തതിനാൽ ശ്രീ. കെ.ടി. ബൈജുവിനെ തന്നെ ഡ്രൈവറായി നിയമിക്കുന്നതിന് പരാമർശം (5) പ്രകാരം തീരുമാനിച്ചതിനാലാണ് പഞ്ചായത്തിന്റെ നിയമപരമല്ലാത്ത പ്രസ്തുത തീരുമാനം സംബന്ധിച്ച് പഞ്ചായത്ത് സെക്രട്ടറി പരാമർശം (6) പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ 06.07.2012 മുതൽ പഞ്ചായത്ത് വാഹനത്തിന്റെ താൽക്കാലിക ഡ്രൈവറായി ജോലി നോക്കിയിരുന്നതും പ്രസ്തുത വാഹനം കണ്ടം ചെയ്തതിനാൽ നിലവിൽ ഹരിതകർമ്മസേനയുടെ ഡ്രൈവറായി സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ. ബൈജു കെ. റ്റി-യെ . പഞ്ചായത്ത് പുതിയതായി വാങ്ങിയ വാഹനത്തിന്റെ ഡ്രൈവറായി നിയമിക്കുന്നതിനുള്ള ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം (3), പരാമർശം (5) തീരുമാനങ്ങൾ പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് ഘടക വിരുദ്ധമായതിനാൽ, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം (3), (5) തീരുമാനങ്ങൾ, 2003 ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത തീരുമാനങ്ങൾക്കെതിരെ സ്വീകരിക്കേണ്ട നടപടിക്രമം) ചട്ടങ്ങൾ 4(3) സെക്ഷൻ 191 പ്രകാരം റദ്ദ് ചെയ്യുന്നതിനായി ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് ഓംബുഡ്സ്മാന് റഫർ ചെയ്ത് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ, പാളയം, തിരുവനന്തപുരം (മുകളിൽ പരാമർശ പകർപ്പുകൾ സഹിതം- ആമുഖ കത്തോടുകൂടി)
2.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
3.ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, എറണാകുളം
4.പ്രസിഡന്റ്, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം
5.സെക്രട്ടറി, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം
6.ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
7.എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
8.കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഫയൽ നമ്പർ 35/ഇപിഎ2/2025/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 17-03-2025 11:02:04